പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 4242 | 24.10.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## **ഹോട്ടൽ ഭക്ഷണം മൂലം മാരകരോഗങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, വി.ആർ. സുനിൽ കുമാർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഹോട്ടൽ ഭക്ഷണത്തിൽ പഴകിയ എണ്ണയും മറ്റുചേരുവകളും ഉപയോഗിക്കുന്നത് മൂലം ഉപഭോക്താക്കൾക്ക് മാരകരോഗങ്ങൾ പിടി പെടുന്നതിനാൽ, കാരണക്കാരായ ഹോട്ടലു കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; | എ) | ഹോട്ടൽ പരിശോധനവേളയിൽ പഴകിയ എണ്ണ, മായം കലർന്ന മറ്റു ചേരുവകൾ എന്നിവ കണ്ടെത്തിയാൽ കുററക്കാർക്കെതിരെ ലൈസൻസ്/ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമപ്രകാരം സ്വീകരിക്കുന്നുണ്ട്. |
| ബി) | കാലാകാലങ്ങളിൽ ഭക്ഷണനിർമ്മാണ യൂണിറ്റിലും ഹോട്ടലുകളിലും പരിശോധന നടക്കുന്നു എന്നുറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഭക്ഷണ നിർമ്മാണ യൂണിറ്റുകളിലും ഹോട്ടലുകളിലും നിരന്തരം ഭക്ഷ്യസുരക്ഷാവകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നുണ്ട്. ഇതുകൂടാതെ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഓണം, ക്രിസ്തുമസ്, റംസാൻ പോലുള്ള ഉത്സവവേളകളിൽ പരിശോധനകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ